Santhigiri

ഗുരുവാണി

"ധർമ്മസിദ്ധാന്തം പറഞ്ഞാൽ പോര
കർമ്മസിദ്ധാന്തത്തിനാണു പ്രാധാന്യം"

ഉമ്മിണിതങ്കം

VOL 03 | ISSUE 30 | 2017 ജൂലൈ 30 | 1192 കർക്കടകം 14

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org

തിരുവനന്തപുരം റൂറൽ

# ശ്രീനാരായണ ഗുരുവിനെക്കുറിച്ചുള്ള 'പാഥേയം' ശ്രദ്ധേയമായി

**തിരുവനന്തപുരം:** കലിയുഗത്തിൽ അവതരിച്ച മഹാത്മാവും കേരളത്തിന്റെ മഹാനായ പുത്രനുമായ ശ്രീനാരായണ ഗുരുസ്വാമികളെക്കുറിച്ചുള്ള 'പാഥേയം' പ്രോഗ്രാം ഏറെ ശ്രദ്ധേയമായി. ജൂലൈ 24 മുതൽ 28 വരെ അഞ്ച് എപ്പിസോഡുകളിലായി അവതരിപ്പിച്ച പരിപാടിയെ അനുമോദിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ കോണുകളിൽ നിന്നുള്ള ശ്രീനാരായണീയരുടെ സന്ദേശങ്ങളും പ്രവഹിച്ചുകൊണ്ടിരിക്കുകയാണ്.

1856 ൽ തിരുവനന്തപുരത്തിനടുത്ത് ചെമ്പഴന്തിയിൽ വയൽവാരം ഭവനത്തിൽ ജനിച്ച ശ്രീനാരായണഗുരുവിന്റെ ത്യാഗജീവിതവും ആത്മീയസന്ദേശങ്ങളും അഞ്ച് ദിവസത്തെ പാഥേയം പ്രോഗ്രാമിൽ നിറഞ്ഞുനിന്നു. അരുവിപ്പുറം ക്ഷേത്രത്തിലെ പ്രതിഷ്ഠയും അത് ജാതികേരളത്തിന്റെ മരണമണിയായിത്തീർന്ന ചരിത്രവും ഒട്ടും പൊലിമ ചോരാതെ അവതരിപ്പിക്കാൻ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് കഴിഞ്ഞു.

1888 മാർച്ച് മാസത്തിലെ ശിവരാത്രി നാളിലാണ് ഗുരുസ്വാമികൾ അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തിയത്. താഴ്ന്നജാതിക്കാർക്ക് ക്ഷേത്രപ്രവേശനം സാധ്യമല്ലാതിരുന്ന അക്കാലത്ത് അവർക്കുവേണ്ടിയാണ് അദ്ദേഹം അത് ചെയ്തത്. ഈ പ്രതിഷ്ഠയെ എതിർക്കാൻ വന്ന സവർണ്ണരോട് '*നാം നമ്മുടെ ശിവനെയാണ് പ്രതിഷ്ഠിച്ചത്*' എന്നുപറഞ്ഞുകൊണ്ട് നവോത്ഥാനകേരളത്തിന് ശില പാകുകയായിരുന്നു ശ്രീനാരായണഗുരു അന്ന് ചെയ്തത്.

1904 ലെ ശിവഗിരി മഠത്തിന്റെ സ്ഥാപനം, 1913 ൽ ആലുവയിൽ അദ്വൈതാശ്രമം സ്ഥാപിച്ചത് തുടങ്ങിയ കാര്യങ്ങളും തന്മയത്വത്തോടെ അവതരിപ്പിക്കുകയുണ്ടായി.

ശ്രീനാരായണഗുരുവിന്റെ ദർശനങ്ങളെയും കാഴ്ചപ്പാടുകളെയും കുറിച്ച് പ്രേക്ഷകർക്ക് ഏറെ ഉൾക്കാഴ്ച പ്രദാനം ചെയ്ത 'പാഥേയം' എപ്പിസോഡാണ് കഴിഞ്ഞയാഴ്ച അവതരിപ്പിക്കപ്പെട്ടത്. മഹാത്മാക്കളുടെ ത്യാഗവശത്തെക്കുറിച്ച് പൊതുവെ ജനങ്ങൾ അജ്ഞരാണ്. ഇതിനൊരു തിരുത്തായി ശ്രീനാരായണ ഗുരു മുന്നോട്ടുവച്ച ആദർശങ്ങളെ സൂക്ഷ്മമായി വിലയിരുത്തി അവതരിപ്പിക്കുന്നതിന് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് സാധിച്ചു എന്നു പറയാം.



*'പാഥേയം' പ്രചരണ പരിപാടിയിൽ നിന്ന്*

ഈ പ്രോഗ്രാമിന്റെ പ്രചരണാർത്ഥം രാജ്യവ്യാപകമായി ശാന്തിഗിരി സോണൽ, റീജിയൺ, ഏരിയ ഓഫീസ് പ്രവർത്തകരും ആർട്സ് ആന്റ് കൾചർ ഡിവിഷൻ പ്രവർത്തകരും സജീവമായി രംഗത്തിറങ്ങുകയുണ്ടായി. ശ്രീനാരായണ ഭക്തരും എസ്എൻഡിപി പ്രവർത്തകരും ആശ്രമം പ്രവർത്തകരോടൊപ്പം രംഗത്തിറങ്ങിയതും ശ്രദ്ധേയമായി. ഈ പ്രോഗ്രാമിന് എങ്ങുനിന്നും വലിയ പ്രതികരണമാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. ഗുരുവിനെ നേരിൽ കണ്ടതുപോലെയുള്ള അനുഭവമായി എന്നാണ് പലരും പങ്കുവയ്ക്കുന്നത്. ശ്രീനാരായണ ഭക്തരുടെ അഭ്യർത്ഥന മാനിച്ച് ഗുരുവിനെക്കുറിച്ചുള്ള പാഥേയം എപ്പിസോഡുകളുടെ വീഡിയോ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിയുടെ ഫേസ് ബുക്ക് പേജിൽ അപ്‌ലോഡ് ചെയ്തിട്ടുണ്ട്.



*'പാഥേയം' പ്രചരണ പരിപാടിയിൽ നിന്ന്*



*'പാഥേയം' പ്രചരണ പരിപാടിയിൽ നിന്ന്*

# ചികിത്സിക്കുന്നത് സ്നേഹംകൊണ്ടു കൂടിയാവണം: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**പാലക്കാട് :** ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ 47 ആയുർവേദ വിദ്യാർത്ഥികൾ ബി.എ.എം.എസ് ബിരുദം സ്വീകരിച്ചു. ജൂലൈ 25 ന് നടന്ന ബിരുദദാന ചടങ്ങ് 'സമന്വയ 2017' ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാന തപസ്വി ഉദ്ഘാടനം ചെയ്തു. രോഗവും ദുരിതവും പേറിവരുന്ന രോഗികൾക്കു മുമ്പിൽ അവരുടെ ശാരീരികവും മാനസികവുമായ മുറിവുകളെ സ്നേഹത്തിന്റെ പഞ്ഞികൊണ്ട് ഉണക്കാൻ ഡോക്ടർമാർക്ക് കഴിയണമെന്ന് സ്വാമി അഭിപ്രായപ്പെട്ടു. കേരള ആരോഗ്യ സർവകലാശാല വൈസ് ചാൻസലർ ഡോ. എം.കെ.സി നായർ ബിരുദദാനം നിർവഹിച്ചു. പ്രശസ്ത ക്യാൻസർ രോഗ ചികിത്സകൻ ഡോക്ടർ വി.പി.ഗംഗാധരൻ (ലേക്ക്ഷോർ ഹോസ്പിറ്റൽ, കൊച്ചി) ചടങ്ങിൽ മുഖ്യാതിഥി ആയിരുന്നു. ഉയർന്ന റാങ്കുകൾ നേടുന്നതിനോടൊപ്പം ജീവിതവഴികളിൽ നല്ല മനുഷ്യരായി തീരുവാനും നാം ശ്രമിക്കേണ്ടതുണ്ടെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ചടങ്ങിൽ ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജ് മാനേജർ ജനനി കൽപ്പന ജ്ഞാനതപസ്വിനി അദ്ധ്യക്ഷത വഹിച്ചു. ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, ശാന്തിഗിരി ആശ്രമം പാലക്കാട് ഏരിയ ഇൻ ചാർജ് സ്വാമി ചന്ദ്രദീപ്തൻ ജ്ഞാനതപസ്വി, പ്രിൻസിപ്പൽ ഡോ. ജി.നാഗഭൂഷണം തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.



*'ചിത്രസഞ്ചാരം' ചിത്രരചനാമത്സരത്തിൽ നിന്ന്*

## വിദ്യാഭവനിൽ 'ചിത്രസഞ്ചാരം'

**എജ്യൂക്കേഷൻ സോൺ:** പൂനെ കലാഭാരതി ചൈൽഡ് ആർട്ട് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ 'പ്രകൃതിയെ സംരക്ഷിക്കൂ, ജീവിതം സുന്ദരമാക്കൂ, ഭൂമിയെ നിലനിർത്തൂ' എന്ന സന്ദേശമുയർത്തി ചിത്രരചനാ മത്സരം സംഘടിപ്പിച്ചു. യുകെജി, എൽ.പി, യുപി, എച്ച്.എസ് എന്നീ വിഭാഗങ്ങളിൽ നിന്നായി 540 പരം വിദ്യാർത്ഥികൾ പങ്കെടുത്ത മത്സരം വർണവിസ്മയം തീർത്തു. ചിത്രകലാ വിദ്യാർത്ഥികളുടെ കാഴ്ചപ്പാടുകൾ എങ്ങനെയാവണം എന്ന വിഷയത്തെക്കുറിച്ച് സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി സംസാരിച്ചു. അദ്ധ്യാപകരായ കെ. ബിനോദ്, കെ.പി. ശരണ്യ, തുഷാര പി. ഭാസ്കരൻ, ജനപ്രിയ കെ, രാജലക്ഷ്മി എസ്.,ചാന്ദിനി ചന്ദ്രൻ, ശിവലാൽ എസ്. എൽ., ചിത്രകാരനും അദ്ധ്യാപകനുമായ ഷൈജു കെ. മാലൂർ എന്നിവർ നേതൃത്വം നല്കി.

# ഗുരുവാണി

ശാന്തിഗിരിയിൽ നടക്കുന്ന കർമത്തിന്റെ രീതി അനുഭവിച്ചറിഞ്ഞ ആളുകളും കുറെപ്പേരുണ്ട്. എന്തിനിതു ചെയ്യിപ്പിച്ചു എന്നോ ഇന്നോളം ഈ നിമിഷം വരെയും വന്നിരിക്കുന്ന, ചെയ്തിരിക്കുന്ന കാര്യങ്ങളെപ്പറ്റി ചിന്തിച്ചറിയാനോ നമുക്കുതന്നെയും കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടെന്നാൽ നമ്മുടെ ഉള്ളിലിരുന്നതോ നമ്മൾ ഭാവന ചെയ്തിരുന്നതോ മറ്റേതെങ്കിലും മാതൃക കണ്ടു സ്വീകരിച്ചതോ ആയ കർമം ഇതിലില്ല. ഓരോ നിമിഷവും മാറ്റി മാറ്റി പറഞ്ഞുതന്നതും നമ്മെക്കൊണ്ടു ചെയ്യിച്ചതുമായ ഒരു ധർമഗതി മാത്രമേ ഇതിലുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ നമുക്കൊരിക്കലും ചെയ്യാൻ അർഹതയില്ലാത്തതായ കർമം മാത്രമേ ഇതിലുള്ളൂ.

മനുവിന്റെ ധർമം ഏതോ തരത്തിൽ ഒഴിഞ്ഞുപോയിട്ട്, അതിനു പകരം വന്ന ത്രിമൂർത്തിസമ്പ്രദായത്തിനും അധികാരമില്ലാത്ത കർമമാണിത്. വൈശ്യനും ശൂദ്രനും വേദാധികാരം ഇല്ലാതാക്കി വച്ചിരുന്ന ആ കർമത്തിനു പകരം ഈ കർമം എങ്ങനെയാണ് വന്നുചേർന്നിരിക്കുന്നത്? അതെങ്ങനെ എന്നുപറയാൻ കഴിയില്ല. കാരണം ഈ കർമം മനുവിന്റെ നിയമത്തിനും അതീതമായി നിൽക്കുന്നു. ഒന്നോർക്കണം. വൈദികമതം കെട്ടിപ്പടുത്തിരിക്കുന്ന ധർമസമ്പ്രദായത്തിൽ നഷ്ടപ്പെട്ടു നിൽക്കുന്ന ശൂദ്രൻ ഒരിക്കലും മുന്നിൽ വരാൻ പോകുന്നില്ല. എന്തുകൊണ്ട്? എവിടെയെല്ലാം ഉൽസവവും, ചെണ്ടമേളവും കുതിരയോട്ടവും പടയണിയുമുണ്ടോ, എവിടെയെല്ലാം കൂത്തുകളുണ്ടോ അവിടെയെല്ലാം മുൻപന്തിയിൽ, ഈ ശൂദ്രൻ, ചെണ്ടയുടെ താളത്തിനൊത്ത് തുള്ളാൻ നിൽക്കുന്നു. എവിടെയെല്ലാം ഭദ്രകാളീക്ഷേത്രങ്ങളുണ്ടോ അതിന്റെയൊക്കെ ബഹളം വച്ചുള്ള കർമവും നടത്തിപ്പും അവന്റെ കൈയിലുണ്ട്. എവിടെയെല്ലാം ആന വച്ചുള്ള പൂരമുണ്ടോ അതിന്റെയൊക്കെ മുന്നിൽ ഈ കാർന്നോൻമാർ ഇരുപത്തിനാല് പന്തമുള്ള ഈ തീവെട്ടി പിടിച്ച്, അതിനുവേണ്ടുന്ന എണ്ണയുമൊക്കെ കൊണ്ടുവന്ന് ചെലവാക്കി, കാർന്നോൻസ്ഥാനം നിലനിർത്താൻ വെമ്പൽ കൊള്ളുന്നു. അവന്റെ പെൺപിള്ളേരെ താലപ്പൊലിക്കയച്ച്, ആ അർദ്ധനഗ്നത അന്യന്റെ മുമ്പിൽ പ്രകാശിപ്പിക്കുന്ന കർമഗതിയാണു ഇവന്റേതെന്നു വന്നാൽ ഇവന്റെ ബുദ്ധി എന്താണെന്നു മനസ്സിലാക്കാൻ പ്രയാസമുണ്ടല്ലോ! നമ്മുടെ പെൺപിള്ളാരെ ദാസിയാട്ടത്തിനു പ്രേരിപ്പിക്കുന്നതിന് അവൻ പറയുന്ന ന്യായം ഭഗവാന്റെ ദാസിയാട്ടം എന്നാണ്. ഭഗവാൻ അത്ര വ്യത്തികെട്ടവൻ! ഈ കർമഗതി എവിടെയാണ് എത്തിച്ചിരിക്കുന്നത്!

ഈ വ്യത്തികേടുകളെ ഇല്ലാതാക്കാൻ ശ്രീകൃഷ്ണന്റെ കാലം മുതൽ അനവധി മഹാത്മാക്കൾ വന്നു. ശ്രീകൃഷ്ണനെപ്പോലും അവൻ ബുദ്ധികൊണ്ട് എന്താക്കി മാറ്റി? പതിനെട്ട് അദ്ധ്യായങ്ങൾകൊണ്ട് ഈ ലോകത്തിന്റെ സകല കർമങ്ങളും എടുത്തു കാണിച്ച് അതിലുള്ള ദുഃഖം മുഴുവൻ വഹിച്ചവനെ എന്താക്കി ചിത്രീകരിച്ചു? പതിനാറായിരത്തിയെട്ടു പെണ്ണിന്റെ ഭർത്താവ് എന്ന് ചിത്രീകരിച്ചു. ആ ലോകഗുരുവിനെ അങ്ങനെ അംഗീകരിക്കരുതെന്ന് ബുദ്ധിപൂർവമായ തന്ത്രത്തിന്റെ യോഗ്യതയാണത്. ആ തന്ത്രത്തിന്റെ ഭാഗമായി ഗീതാഗോവിന്ദം വരെ എഴുതി പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇതിലൊക്കെ പാണ്ഡിത്യവും വേദാന്തവും പിന്നെ മറ്റെന്തൊക്കെയോ ഉണ്ടെന്നു വിളിച്ചു കൂവുന്ന ഗതികെട്ട കർമഗതിയുടെ ഉടമസ്ഥരാണ് നമ്മൾ.

## വചനദീപ്തി

"നിങ്ങൾ തെറ്റുമ്പോൾ ശരിയായിരിക്കുന്നതേതോ അതാണ് ദൈവം."

നടരാജഗുരു

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 ജൂലൈ 30 മുതൽ ഓഗസ്റ്റ് 5 വരെ*

| | |
|---|---|
| ഞായർ | - പോത്തൻകോട്, പാലോട്ടുകോണം |
| തിങ്കൾ | - എല്ലാ ഏരിയകളും സംയുക്തമായി |
| ചൊവ്വ | - ജ്യോതിപുരം |
| ബുധൻ | - ശാന്തിപുരം |
| വ്യാഴം | - കരുണപുരം |
| വെള്ളി | - ശാന്തിഗിരി ജംഗ്ഷൻ |
| ശനി | - ലക്ഷ്മിപുരം |

## യാമപ്രാർത്ഥന

*2017 ഓഗസ്റ്റ് 3 വ്യാഴം*

**ശാന്തിഗിരി ജംഗ്ഷൻ, ലക്ഷ്മിപുരം, രത്നഗിരി**

## ജന്മഗൃഹ തീർത്ഥയാത്ര

*2017 ജൂലൈ 31 തിങ്കൾ*

**പ്രകാശപഥം**

# ഗുരു എന്താണോ ഇച്ഛിക്കുന്നത് അത് നമ്മളെക്കൊണ്ട് ചെയ്യിപ്പിക്കണം

മനുഷ്യചിന്തയ്ക്കതീതമായ കാര്യങ്ങൾ ഗുരു നമ്മെ പഠിപ്പിക്കുകയും അതനുഭവിപ്പിക്കുകയും ചെയ്യുന്ന ഒരു കർമഗതി ഇതിനകത്തുണ്ട്. നമ്മളിതൊക്കെ മനസിലാക്കിയിട്ട് ഇവിടെ നില്ക്കുമ്പോൾ തന്റെ ഗുരു ആരാണെന്നും ഗുരുവിന്റെ ജന്മോദ്ദേശ്യം എന്താണെന്നും അത് ഉലകത്തിനു പകരാനും പകർത്താനും നമ്മളെങ്ങനെ ജീവിക്കണമെന്നും എന്തുപോലെയായിരിക്കണമെന്നുമുള്ള ഒരു തീർപ്പ് നമുക്കുണ്ടാകണം. ഗുരുവിന്റെ ജനിച്ച നാട് എവിടെയാണെന്നും ആ ജന്മത്തിന്റെ ലക്ഷ്യം എന്താണെന്നും 1973നു മുമ്പുതന്നെ ദർശനത്തിൽ കാണുകയുണ്ടായി. വളരെ വ്യക്തമായിട്ടാണ് അന്ന് ഇങ്ങനെയുള്ള കാര്യങ്ങൾ കിട്ടിയത്. ഇതു മനസിലാക്കിയിട്ട് ഈ ലോകത്തിന്റെ സകല കോണുകളിലും എന്റെ ഗുരു ദൈവമാണെന്നും ഈശ്വരനാണെന്നും അല്ലെങ്കിൽ ബ്രഹ്മസ്വരൂപമാണെന്നും നമ്മുടെ ജീവിതംകൊണ്ട് കാണിച്ചുകൊടുക്കുന്ന ഒരു സങ്കല്പശേഷിത്വവും കർമ്മശേഷിയും നമുക്ക് വരണം.

പൂർത്തീകരണം എന്നുപറയുന്ന ഒരു ഭാഗം ഉണ്ട്. അങ്ങനെ പറയുമ്പോൾ ഇതുവരെ വന്ന മഹാത്മാരാരും ഇതെല്ലാം പൂർത്തീകരിച്ചുപോയിട്ടില്ല. പക്ഷെ ഗുരു ഇതെല്ലാം പൂർത്തീകരിച്ച് വീണ്ടും മനുഷ്യരൂപത്തിൽ ആ ബ്രഹ്മത്തിന്റെ ഇച്ഛ നടപ്പിലാക്കാനുള്ള സങ്കല്പത്തിന്റെ കരുതലിൽ വന്ന മഹാത്മാവാണ്. ഈ ശരീരസ്വഭാവത്തിന്റെ പ്രകാശത്തിൽ നിലകൊള്ളുന്ന അവസ്ഥാന്തരങ്ങളുണ്ട്. ഈ ഭാഗം നമ്മൾ മനസിലാക്കിയിട്ട് ഗുരുവിന്റെ ജീവിതരീതിയിൽ ഓരോ കാര്യത്തിലും ആ പ്രകാശത്തിൽ നിന്നും കിട്ടുന്ന വാക്കുകളാണ് നമ്മൾ ഉപയോഗിച്ചുവരുന്നത്. ആ ഉപയോഗിച്ച ഭാഗം അതിന്റെ അർത്ഥവ്യാപ്തിയോളം അല്ലെങ്കിൽ ഈ മനുഷ്യജീവിതംകൊണ്ട് നമുക്കനുഭവിച്ചു തീർക്കാൻ കഴിയും.

ഈ ലോകത്തിന്റെ ഏതെല്ലാം നല്ലതോ ചീത്തയോ ആയ ഭാഗം തന്റെ സങ്കല്പം കൊണ്ടും കർമം കൊണ്ടും മാറ്റാൻ ഗുരു എന്താണോ ഇച്ഛിക്കുന്നത് അത് നമ്മളെക്കൊണ്ട് ചെയ്യിപ്പിക്കണം. നമുക്കതിനൊരു അവസരം ഉണ്ടാവണം. ഒരു വലിയ കടലിൽ നിന്ന് ഒരു തുള്ളി വെള്ളം ഏതു രൂപത്തിൽ നമ്മുടെ ഉള്ളിലേക്ക് എടുക്കുന്നുവോ അതെങ്കിലും ആവാനെനിക്ക് കഴിയണം എന്നൊരു ചിന്ത വേണം. ഇങ്ങനെയുള്ള കാര്യങ്ങളിൽ പങ്കെടുക്കാനും ഈ ആശ്രമപരിസരത്ത് ജീവിക്കാനും ഭാഗ്യമുണ്ടായെങ്കിൽ ഏതോ ജന്മത്തിൽ നാം ഏതെങ്കിലും തരത്തിൽ ഗുരുവുമായിട്ട് അടുത്ത ഒരു ഭാഗമുണ്ട്. അതിനെ ചീത്തയാവാത്ത രീതിയിൽ എനിക്കെങ്ങനെ ഉപയോഗിച്ചെടുക്കാൻ പറ്റും, അല്ലെങ്കിൽ ഈ കർമം സത്യമായിട്ടു കൊണ്ടുപോകാൻ എങ്ങനെ കഴിയും എന്നുള്ള ഭാഗം നമ്മളോർമ്മിക്കേണ്ടതാണ്.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ** –അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# ത്യാഗിയായ ഒരു ഗൃഹസ്ഥാശ്രമി

ഗുരുവിന്റെ ഉള്ളം തിങ്ങുന്ന സ്മരണാദർപ്പണമായി നിലകൊള്ളുന്ന ഒരു ത്യാഗിയായ ഗൃഹസ്ഥാശ്രമി ഉണ്ടായിരുന്നു. പേട്ടയിലെ ഒരു തെരുവിൽ ആറ് രൂപ വാടകയ്ക്ക് താമസിച്ച് ഒരു വണ്ടിയും രണ്ട് കാളകളും കൊണ്ട് ഉപജീവനം നടത്തിയിരുന്ന മുത്തപ്പൻ. ഒപ്പം അദ്ദേഹത്തിന്റെ ഭാര്യയും നാലു മക്കളും. പാഠാണി സ്വാമിക്കും ഗുരു ഉൾപ്പെടെയുള്ള സ്വാമിയുടെ ശിഷ്യന്മാർക്കും എന്താവശ്യങ്ങൾ ഉണ്ടോ, അതെല്ലാം അറിഞ്ഞു നിറവേറ്റിക്കൊടുക്കാൻ പൂർണ്ണമനസ്സുള്ളവരായിരുന്നു അവർ. ആ ആറു വയറുകളുടെ വിശപ്പ് നിലനില്ക്കെ തന്നെ പാഠാണി സ്വാമി അവരോട് ചെയ്തിരുന്ന ധർമ്മനിഷ്ഠ ജീവിതസ്മരണകളിൽ നിന്ന് ഒരിക്കലും മാഞ്ഞുപോകാത്തതാണ്.

ഒരു ദിവസം മുത്തപ്പനെയും ഭാര്യയെയും വിളിച്ച് പാഠാണിസ്വാമി തമിഴ് കലർന്ന ഭാഷയിൽ പറഞ്ഞു: "എനിക്ക് വൈകുന്നേരം ഗുരുസമാധിയിൽ പോകണം. വണ്ടിക്കൂലിക്ക് കാശില്ല." ഉടൻ, "ഉത്തരവുപോലെ ചെയ്തോളാം" എന്നു പറഞ്ഞ് എഴുന്നേറ്റുപോയി കാളവണ്ടി വിറ്റ് മുത്തപ്പൻ കാശെത്തിച്ചു. അടുത്ത ദിവസം മുതൽ ചാലയിലും പേട്ടയിലും ഉള്ള കച്ചവടക്കാരിൽ നിന്നും സാധനങ്ങൾ വാങ്ങി തലച്ചുമടായി കൊണ്ടുപോയി വില്ക്കുകയല്ലാതെ മുത്തപ്പന് വേറെ വഴികളില്ല എന്ന് സ്വാമിക്ക് നന്നായി അറിയാം.അപ്പോഴൊക്കെ ഒരു കാരുണ്യവുമില്ലാത്ത മനസ്സാണ് പാഠാണി സ്വാമിയുടേതെന്ന് ഗുരുവിന് തോന്നിയിട്ടുണ്ട്.

ആവശ്യമുള്ള കാശ് കൈയിലിരിക്കെ ആ സാധുശിഷ്യനെക്കൊണ്ട് കാളവണ്ടി വിറ്റ് കാശുണ്ടാക്കിയ നടപടി കാരുണ്യമില്ലായ്മയാണെന്നല്ലാതെ മറ്റെന്തു കരുതാൻ? പിറ്റേദിവസം രാവിലെ ഗുരുവിനും കൂടെയുള്ള ശിഷ്യന്മാർക്കും പ്രാതൽ എത്തിക്കാൻ ഏതെങ്കിലും ചായക്കടയിലേക്ക് പോകുന്ന ആ ബദ്ധപ്പെട്ട കർമ്മം കണ്ട് പലപ്പോഴും ഗുരു, പാഠാണി സ്വാമി കാണാതെ കണ്ണുതുടച്ചിട്ടുണ്ട്. പറയത്തക്ക പേരോ പെരുമയോ ഇല്ലാത്ത, നാട്ടിൽ ഒരു കുട്ടിയുടെപോലും ബഹുമാനം പിടിച്ചുപറ്റിയിട്ടില്ലാത്ത ഒരു മനുഷ്യനും ശിഷ്യന്മാർക്കും വേണ്ടി ഒരു ഗൃഹസ്ഥാശ്രമി ഇത്രയും ത്യാഗപ്പെടുന്നതെന്തിന്?

ഈ പാവപ്പെട്ടവരെ ഇത്ര ദുഃഖിപ്പിച്ച് കാശ് വാങ്ങിക്കുന്നതെന്തിന് എന്ന് ഒരു ദിവസം പാഠാണി സ്വാമിയോട് ഗുരു ചോദിച്ചു. സ്വാമിക്ക് പെട്ടെന്ന് ദേഷ്യം വന്ന് 'എടാ' എന്നു വിളിച്ചെങ്കിലും തുടർന്ന് അതിനൊരു വിശദീകരണം കൊടുത്തു. "ഇവരൊക്കെ പണക്കാരാണോ പിച്ചക്കാരാണോ എന്നൊന്നും നോക്കേണ്ട കാര്യമില്ല. അവരെ ദുഃഖിപ്പിച്ച് ചെയ്യിക്കുന്നത് അവർക്കെന്തെങ്കിലും നന്മ വരാൻവേണ്ടിയാണ്. ഗൃഹസ്ഥാശ്രമികൾ സ്വാർത്ഥരാണ്. അവർക്ക് ത്യാഗത്തിന്റെ ഒരു വശങ്ങളുമില്ല. പരമേശ്വരൻ പിള്ള എന്റെ അടുത്ത് വരുന്നതിനുമുമ്പ് അവന്റെ സ്വത്തു മുഴുവൻ വിറ്റ് കള്ളുകുടിച്ചവനാണ്. മുത്തപ്പൻ കള്ളുകുടിയനല്ലെങ്കിലും അവന് മറ്റു പല ദോഷങ്ങളുമുണ്ടായിരുന്നു. ഇത്തരത്തിലുള്ള എന്തെങ്കിലും ഒരു ദുഃഖം വന്നാലേ അവരുടെ ജീവിതത്തിലെ കറ തീർന്ന് അവരുടെ കുട്ടികളുടെ ജീവിതത്തിലെങ്കിലും ഒരു നന്മ ഉതകൂ. എന്റെ അടുത്ത് വരുന്നതിനുമുമ്പ് ഇവരുടെയൊക്കെ ജീവിതം വളരെ മോശമായിരുന്നു. ഹീനമായി ജീവിച്ച് പുണ്യം നഷ്ടപ്പെട്ട ജീവിതത്തിൽ എന്തെങ്കിലും ഭാഗ്യമുണ്ടാകാൻ ഇങ്ങനെയൊക്കെ ചെയ്യിച്ചാലേ പറ്റൂ."

തിരക്കുപിടിച്ചതാകട്ടെ, പ്രതിസന്ധി നിറഞ്ഞതാകട്ടെ സാധുസംരക്ഷണത്തിലൂടെ കുടുംബജീവിതം സംതൃപ്തമാക്കണം. അത് ദൈവത്തിനിഷ്ടമാണ്. എല്ലാവിധ ധർമ്മനിഷ്ഠയും പാലിച്ച് ജീവിതം നയിക്കുന്നവർക്കുപോലും മാതൃകയായിരിക്കും അത്. ദൈവം വിധിച്ചതെന്തോ അതുകൊണ്ട് പൂർണ്ണസംതൃപ്തി. അവിടെ കോപതാപങ്ങൾക്കു സ്ഥാനമില്ല. അപ്പോഴാണ് ജീവിതം ധന്യമാകുന്നത്.




# 'പകർച്ചപ്പനികൾക്കെതിരെ ജാഗ്രത വേണം'

**തിരുവനന്തപുരം:** സംസ്ഥാനത്ത് വിവിധ പകർച്ചപ്പനികൾക്കൊപ്പം ഡെങ്കിപ്പനിയും കൂടുന്നു. ഈ വൈറസ് പനിയുടെ ലക്ഷണങ്ങൾ കടുത്ത പനി, പേശിവേദന, സന്ധി വേദന ഇവയാണ്. പനി കുറഞ്ഞതിനുശേഷമുണ്ടാകുന്ന വയറുവേദന, ഛർദി, ശരീരത്തിലെ ചുവന്ന പാടുകൾ, രക്തസ്രാവ പ്രവണത, താഴ്ന്ന ബ്ലഡ് പ്രഷർ എന്നിവയും ഡെങ്കിയുടെ ലക്ഷണങ്ങൾ ആകാം.

എച്ച് വൺ എൻ വൺ പനിയുടെ പ്രധാന ലക്ഷണങ്ങൾ പനി, തൊണ്ടവേദന, മൂക്കൊലിപ്പ്, ചുമ, ശ്വാസതടസം, ഛർദി എന്നിവയാണ്.സാധാരണയിലും വ്യത്യസ്തമായ പനി, തൊണ്ടവേദന, ജലദോഷം, ചുമ എന്നിവയുണ്ടെങ്കിൽ ഉടൻതന്നെ വൈദ്യസഹായം തേടേണ്ടതാണ്. സ്വയംചികിത്സ അരുത്. നന്നായി വിശ്രമിക്കുകയും വേണം.

കൊതുക് പരത്തുന്ന രോഗമാണ് ഇവ. ശക്തമായ മഴയ്ക്കുശേഷം കെട്ടിക്കിടക്കുന്ന വെള്ളമാണ് രോഗാണുക്കളുടെ വ്യാപനത്തിന് കാരണം. വീടുകൾക്കു ചുറ്റും കെട്ടിക്കിടക്കുന്ന വെള്ളത്തിലാണ് ഡെങ്കി പരത്തുന്ന കൊതുകുകൾ മുട്ടയിടുന്നത്. അതിനാൽ അത്തരം സാഹചര്യങ്ങൾ ഒഴിവാക്കുക. കൂടാതെ കഴിവതും തിളപ്പിച്ചാറ്റിയ ജലം ഉപയോഗിക്കുന്നതും നല്ലതാണ്.

മരണംപോലും സംഭവിക്കാവുന്ന ഡെങ്കി പനി, തിരുവനന്തപുരം ജില്ലയിലും പാലക്കാട് ജില്ലയിലുമാണ് കൂടുതൽ പേരെ ബാധിച്ചത്. ഈ വർഷം ചിക്കൻ ഗുനിയയെ അപേക്ഷിച്ച് ഡെങ്കി പനി ബാധിതരുടെ എണ്ണം വളരെ കൂടിയിട്ടുണ്ട്.

# ആയുരാരോഗ്യസൗഖ്യത്തിൽ ശ്രദ്ധിക്കാൻ കർക്കടകം

**തിരുവനന്തപുരം:** സൂര്യൻ കർക്കടകരാശിയിലേക്ക് പ്രവേശിക്കുന്ന കർക്കടക മാസം ആയുരാരോഗ്യസൗഖ്യത്തിനായി പ്രവർത്തിക്കാൻ ഉചിതമാണെന്നാണ് വിദഗ്ദ്ധമതം. ഇതാണ് ആയുർവേദത്തിലെ കർക്കടക വിശേഷ ചികിത്സയുടെയും മറ്റും അടിസ്ഥാനം. ശരീരത്തെയും മനസിനെയും പുതുക്കുന്നതിനും നാളിതുവരെ നമ്മുടെ ശരീരത്തിലുണ്ടായ മാലിന്യങ്ങളെ പുറത്തുകളയുവാനും ശരീരത്തിന് പുത്തനുണർവിനുവേണ്ടി പോഷകാംശം ഉള്ള ആഹാരം കഴിക്കുന്നതിനും ഉചിതമായ സമയമാണ് കർക്കടകം.




ഒരുകാലത്ത് നല്ല ആരോഗ്യമുള്ള മനുഷ്യരായിരുന്ന കേരള ജനത ഇന്ന് പുതിയ ജീവിതശൈലികളുടെയും ഭക്ഷണരീതികളുടെയും ഫലമായി രോഗാതുരമായ ഒരു സമൂഹമായി മാറിയിരിക്കുന്നു എന്നത് സത്യമാണ്. കേരളീയന്റെ വരുമാനത്തിന്റെ നാല്പത് ശതമാനത്തോളം ആതുരാലയങ്ങളിലേക്കാണ് പോകുന്നത്. പല കാര്യങ്ങൾക്കും കേരളം ഭാരതത്തിന് മാതൃക കാട്ടിയിട്ടുണ്ടെങ്കിലും ഏറ്റവും കൂടുതൽ മന്ദബുദ്ധികൾ, ഹൃദ്രോഗികൾ, കാൻസർ രോഗികൾ, പക്ഷാഘാതം ബാധിച്ചവർ തുടങ്ങിയവരൊക്കെയുള്ളത് നമ്മുടെ കൊച്ചുകേരളത്തിലാണ്. ശരാശരി കണക്കു നോക്കിയാൽ അമേരിക്കയിലേതിനെക്കാൾ കൂടുതൽ മാനസികരോഗികൾ ഉള്ളതും കേരളത്തിൽ തന്നെ.

ഇവയ്ക്കൊക്കെ പ്രധാന കാരണം കേരളീയർ തനതായ ആഹാരശീലത്തിൽ നിന്നും ജീവിതരീതിയിൽ നിന്നും മാറിപ്പോയതാണ്. കാണുന്നതെല്ലാം തിന്ന് തള്ളാനുള്ള കുപ്പയായിട്ടാണ് നാം വയറിനെ കാണുന്നത്. ആരോഗ്യപ്രദമായി ജീവിക്കണമെങ്കിൽ നമ്മുടെ അന്നത്തെ നാം തിരിച്ചറിയണം. ജീവൻ നിലനിർത്തുന്നതിന് അന്നത്തോളം പ്രധാനപ്പെട്ട ഒന്നില്ല. അതിനാലാണ് 'അന്നം ബ്രഹ്മം' എന്നു പറയുന്നത്. മേദ്ധ്യമായത് കഴിക്കണം, അമേദ്യം ഒഴിവാക്കണം. അന്നത്തിന്റെ മാഹാത്മ്യം തൊട്ടറിഞ്ഞനുഭവിച്ചിട്ടുള്ളവരാണ് നമ്മുടെ പൂർവികർ. കേവലം വയറു നിറയ്ക്കാനും വിശപ്പ് മാറ്റാനുമുള്ള ഒരു യാന്ത്രിക പ്രവർത്തനമല്ല ഭക്ഷണം കഴിക്കൽ. പ്രാർത്ഥനാപൂർവ്വം ഈശ്വരപ്രസാദമായി സ്വീകരിക്കേണ്ട ഒന്നാണത്. തനിക്കു മാത്രമുള്ളതല്ല അന്നമെന്നും അന്നത്തിലൊരു ഭാഗം ദാനം ചെയ്യണമെന്നും നമ്മുടെ പൂർവികർ വിശ്വസിച്ചുപോന്നിരുന്നു. അന്നദാനത്തിന്റെ മഹത്വം വളരെ വലുതായി നാം കണ്ടിരുന്നു.

വിരുദ്ധാഹാരങ്ങൾ കഴിക്കുന്ന ശീലങ്ങൾ ഉപേക്ഷിച്ചുകൊണ്ട്, രോഗങ്ങളെ ശമിപ്പിക്കാൻ കഴിയുന്ന, വിശപ്പിനെ തൃപ്തിപ്പെടുത്തുന്ന, ലഘുത്വഗുണസമ്പുഷ്ടമായ, മലവും മൂത്രവും വിയർപ്പും പുറത്തുകളയുന്ന രുചിപ്രദമായ ആഹാരം കഴിക്കുന്ന നമ്മുടെ തനതായ ആഹാരശീലത്തെ വീണ്ടെടുത്താൽ മാത്രമേ രോഗദുരിതങ്ങളിൽ നിന്ന് നമുക്ക് രക്ഷപ്പെടാൻ കഴിയൂ. അതിനായുള്ള പരിശ്രമം തുടങ്ങുന്നത് ഈ കർക്കിടക മാസത്തിൽ തന്നെയാവട്ടെ.




# വിദ്യാഭവനിൽ 'ഫ്രഷേഴ്സ് ഡേ'

**എജ്യുക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ ഹയർ സെക്കന്ററി സ്കൂളിൽ പുതുതായി അഡ്മിഷൻ എടുത്ത വിദ്യാർത്ഥികൾക്കായി 'ഫ്രഷേഴ്സ് ഡേ' സംഘടിപ്പിച്ചു. പ്രിൻസിപ്പലിന്റെയും അദ്ധ്യാപകരുടെയും സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽ പ്ലസ് ടു വിദ്യാർത്ഥികൾ, പ്ലസ് വൺ വിദ്യാർത്ഥികളെ കലാലയത്തിലേക്ക് സ്വാഗതം ചെയ്തു.വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികളും അരങ്ങേറി.

# കേരളം @ 60 ൽ ഷൈജു കെ. മാലൂർ



*ഷൈജു കെ. മാലൂർ*

**കോട്ടയം:** കേരളത്തിന്റെ വജ്ര ജൂബിലിയോടനുബന്ധിച്ച് അറുപത് ചിത്രകാരന്മാരെ തെരഞ്ഞെടുത്ത് കേരള ലളിതകലാ അക്കാദമി നടത്തുന്ന ചിത്രകലാ ക്യാമ്പിൽ ശാന്തിഗിരി വിദ്യാഭവനിലെ ചിത്രകലാ അദ്ധ്യാപകനായ ഷൈജു കെ മാലൂരും. കേരളം @ 60 എന്നു പേരിട്ടിരിക്കുന്ന ചിത്രകലാ ക്യാമ്പ് കുട്ടിക്കാനം മരിയൻ കോളജിൽ വച്ച് ജൂലൈ 31 മുതൽ ഓഗസ്റ്റ് 3 വരെ നടക്കും. ഇതിനകം നിരവധി ചിത്രകലാപ്രദർശനങ്ങൾ നടത്തിയിട്ടുള്ള ഷൈജു കെ. മാലൂർ കണ്ണൂർ സ്വദേശിയാണ്.

**ശാന്തിഗിരി കരുണ ബേബി ക്രഷിലെ പുതിയ ഫോൺ നമ്പർ: 8113998007**

# ദിവംഗതയായി

**മലപ്പുറം:** ശാന്തിഗിരി ആശ്രമം ഡയറക്ടർ സ്വാമി നവനന്മ ജ്ഞാനതപസ്വിയുടെ സഹോദരിവളാഞ്ചേരികൊട്ടാരം'പൗർണമി നിവാസി'ൽ കാർത്ത്യായനി (70) ജൂലൈ 28 ന് ദിവംഗതയായി. വളാഞ്ചേരി പോസ്റ്റ് ഓഫീസിൽ ആർ.ഡി. ഏജന്റായിരുന്നു. മറ്റ് സഹോദരങ്ങൾ: വിനോദ് കുമാർ, സരോജിനി, ദേവകി, ജാനകി.



*കാർത്ത്യായനി*

# ഫലവൃക്ഷ പാർക്ക് ഉദ്ഘാടനം ചെയ്തു



ഫലവൃക്ഷ പാർക്ക് ഉദ്ഘാടനച്ചടങ്ങ്

**പോത്തൻകോട് :** ചേർത്തല ആസ്ഥാനമായി പ്രവർത്തിക്കുന്ന ഗ്രീൻ ലീഫ് നേച്ചർ എന്ന പ്രസ്ഥാനവും ശാന്തിഗിരി ആശ്രമവുമായി ചേർന്ന് 2016 മുതൽ ആരംഭിച്ച ഫലവൃക്ഷ പാർക്ക് എന്ന സംരംഭത്തിന്റെ ഈ വർഷത്തെ പ്രവർത്തനോദ്ഘാടനം ശാന്തിഗിരി വിദ്യാഭവനിൽ വെച്ച് ഗ്രീൻ ലീഫ് നേച്ചർ പ്രസിഡന്റ് അഡ്വ. ജിതേഷ്ജി നിർവഹിച്ചു.

ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി അധ്യക്ഷത വഹിച്ച ചടങ്ങിൽ മാണിക്കൽ പഞ്ചായത്ത് മുൻ സെക്രട്ടറി എം. പി. പ്രമോദ്, ഗ്രീൻ ലീഫ് നേച്ചർ സെക്രട്ടറി അനിൽ വെമ്പള്ളി തുടങ്ങിയവർ പങ്കെടുത്തു. ശാന്തിഗിരി വിദ്യാഭവൻ എട്ടാം ക്ലാസ് വിദ്യാർത്ഥി അനന്തകൃഷ്ണൻ കൃതജ്ഞത രേഖപ്പെടുത്തി.

# കലാമിന്റെ വിഷൻ 2020 നടപ്പാക്കണം: സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി

**കൊല്ലം:** മുൻ രാഷ്ട്രപതി ഡോ. എ.പി.ജെ. അബ്ദുൽ കലാം വിഭാവന ചെയ്ത കേരള വിഷൻ 2020 നിയമമാക്കി നടപ്പാക്കണമെന്ന് ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി. പത്തനാപുരം ഗാന്ധിഭവൻ കൊല്ലത്ത് സംഘടിപ്പിച്ച അബ്ദുൽ കലാം അനുസ്മരണ ദിനാചരണം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു സ്വാമി.

പാരമ്പര്യവും പ്രകൃതിഭംഗിയും പരമ്പരാഗത വ്യവസായങ്ങളുമെല്ലാം കണക്കിലെടുത്തുകൊണ്ടുള്ള വികസന കാഴ്ചപ്പാടാണ് ഡോ. കലാം കേരളത്തിനായി പങ്കുവച്ചതെന്ന് സ്വാമി ചൂണ്ടിക്കാട്ടി.

സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ് അംഗം ഷാഹിദ കമാൽ അദ്ധ്യക്ഷത വഹിച്ചു. ഡോ. പുനലൂർ സോമരാജൻ, കെ.ഡി.എഫ്. സംസ്ഥാന പ്രസിഡന്റ് പി. രാമഭദ്രൻ, കൊല്ലം പ്രസ് ക്ലബ് പ്രസിഡന്റ് സി. വിമൽ കുമാർ, സെക്രട്ടറി ഡി. ജയകൃഷ്ണൻ, എസ്. സുവർണകുമാർ, നടൻ ടി.പി. മാധവൻ തുടങ്ങിയവർ ചടങ്ങിൽ സംബന്ധിച്ചു.



പാലക്കാട് ശാന്തിഗിരി ആയുർവേദ മെഡിക്കൽ കോളേജിൽ നിന്ന് ബിരുദം നേടിയ പുതിയ ബാച്ച് വിദ്യാർത്ഥികൾ

# വിദ്യാർത്ഥിനികൾക്കായി സെൽഫ് പ്രൊട്ടക്ഷൻ ക്ലാസ്

**തിരുവനന്തപുരം:** ജൂലൈ 20ന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ വച്ച് വിദ്യാർത്ഥികൾക്കായി നടത്തിയ സെൽഫ് പ്രൊട്ടക്ഷൻ ക്ലാസിൽ ശാന്തിഗിരിയിൽ നിന്നുള്ള വിദ്യാർത്ഥികളും പങ്കെടുത്തു. ഭീമജൂവലേഴ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ, എഡിജിപി ബി. സന്ധ്യ ഐപിഎസ് വിദ്യാർത്ഥിനികൾക്ക് ക്ലാസ് എടുത്തു. സമൂഹത്തിൽ വിദ്യാർത്ഥിനികൾക്കു നേരെ വർദ്ധിച്ചുവരുന്ന അതിക്രമങ്ങളിൽ സ്വയരക്ഷ നേടാനും പ്രതിരോധിക്കാനും വേണ്ടി കുട്ടികളിൽ മനോവീര്യം വളർത്താൻ സംഘടിപ്പിച്ച ക്ലാസിൽ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുമായി 2800 വിദ്യാർത്ഥികൾ സംബന്ധിച്ചു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ്, ശാന്തിഗിരി വിദ്യാഭവൻ, ശാന്തിഗിരി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ വിദ്യാർത്ഥിനികൾ സെൽഫ് പ്രൊട്ടക്ഷൻ ക്ലാസിൽ പങ്കെടുത്തു.

# 'മാർഗദീപം' ക്ലാസ് സംഘടിപ്പിച്ചു



'മാർഗദീപം' ക്ലാസിൽ നിന്ന്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ഗുരുമഹിമയുടെ ആഭിമുഖ്യത്തിൽ 'മാർഗദീപം' അവയർനസ് ക്ലാസ്സ് സംഘടിപ്പിച്ചു. ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ക്ലാസ്സിൽ ഗുരുമഹിമ പ്രവർത്തകരായ എസ്. ധർമ്മജ, ജി.പി. രമ്യ എന്നിവർ ക്ലാസ്സ് നയിച്ചു. ജനനി രേണുരൂപ ജ്ഞാനതപസ്വിനി, അമലജ്യോതി ജി.എസ് തുടങ്ങിയവർ പങ്കെടുത്തു.



കട്ടപ്പനയിൽ ആരംഭിക്കുന്ന ശാന്തിഗിരി പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടനം സ്വാമി ജയപ്രിയൻ ജ്ഞാനതപസ്വി നിർവഹിക്കുന്നു

# 'സനാതന സംസ്കാരം നവജ്യോതി ശ്രീകരുണാകര ഗുരുപരമ്പരയിലൂടെ'

**തിരുവനന്തപുരം:** കേന്ദ്ര സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള സെന്റർ ഫോർ കൾച്ചറൽ റിസോഴ്സസ് ആൻഡ് ട്രെയിനിംഗ് ഏർപ്പെടുത്തിയ സീനിയർ റിസർച്ച് ഫെലോഷിപ്പിന് പി എൻ രജിലാൽ അർഹനായി. സാഹിത്യവിഭാഗത്തിലാണ് ഫെലോഷിപ്പ്. 'സനാതന സംസ്കാരം നവജ്യോതിശ്രീകരുണാകര ഗുരു പരമ്പരയിലൂടെ' എന്ന വിഷയത്തിൽ രണ്ടു വർഷം പഠനം നടത്താനാണ് ഫെലോഷിപ്പ് അനുവദിച്ചത്. 2019 ജൂൺ 30 ആണ് പ്രബന്ധം സമർപ്പിക്കേണ്ടത്. രജിലാൽ പാറയ്ക്കൽ ഗവ. യു പി സ്കൂളിൽ അധ്യാപകനാണ്.



പി.എൻ. രജിലാൽ

തിരുവനന്തപുരം സ്വദേശിയായ ഇദ്ദേഹം ബി പരമേശ്വരൻ നായരുടെയും പി ഓമനയമ്മയുടെയും മകനാണ്. അയനം(നോവൽ), ഗുരുവും കവിയും കവിതയും (പഠനം), ഗുരുനിത്യം, ഗീതാമാനസം, ദേശസാൽക്കരിക്കാത്ത ഫെമിനിസ്റ്റ് ചിന്തകൾ, ദൈവദശകം ഒരു പഠനം, തത്ത പറഞ്ഞത് (ബാലസാഹിത്യം) അനുകമ്പാദശകം ഒരു പഠനം, ഒ വി വിജയനും ആറുമുഖങ്ങളും, സദ്ഗമയ, ജ്യോതിർഗമയ, അമൃതംഗമയ തുടങ്ങിയ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.

# റാഗിംഗ് വിരുദ്ധ ക്ലാസ് സംഘടിപ്പിച്ചു

**എജ്യുക്കേഷൻ സോൺ:** ശാന്തിഗിരിവിദ്യാഭവൻഹയർസെക്കന്ററി സ്കൂളിലെ പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികൾക്കായി റാഗിംഗ് വിരുദ്ധ ക്ലാസ് സംഘടിപ്പിച്ചു. പോത്തൻകോട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ഷാജി ക്ലാസ് നയിച്ചു. റാഗിംഗിന്റെ ദോഷവശങ്ങളും മൊബൈൽ ഫോണിന്റെ ദുരുപയോഗങ്ങളും സംബന്ധിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു. എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഇൻ ചാർജ് സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, സ്കൂൾ പ്രിൻസിപ്പൽ ജനനി കൃപ ജ്ഞാന തപസ്വിനി തുടങ്ങിയവരും നാനൂറിൽപ്പരം വിദ്യാർത്ഥികളും രക്ഷിതാക്കളും ചടങ്ങിൽ സംബന്ധിച്ചു.



റാഗിംഗ് വിരുദ്ധ ക്ലാസിൽ നിന്ന്

ഗുരുചരണം ശരണം
മോഹനം ഒപ്റ്റിക്കൽസ്
കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് & കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)
ഫോൺ : 8089695320



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala